# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1771 — 4.5.2017-ലെ മറുപടിയ്ക്ക്

## പി.എഫ് പലിശ നിരക്ക്


ചോദ്യം:
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് എം.എൽ.എ

മറുപടി:
ശ്രീ.തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി


| | | |
|---|---|---|
| (എ) | കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്ക് എത്ര ശതമാനമാണെന്നും ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നു എന്നും അറിയാമോ? | പി.എഫ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് കൊണ്ടുള്ള കേന്ദ്ര ധന മന്ത്രാലയത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാന ത്തിലാണ് ജീവനക്കാർക്ക് പി.എഫ് പലിശ കാലാകാല ങ്ങളായി നിശ്ചയിച്ച വരുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 3.10.2016 ലെ Resolution F.No.5 (I)-B (PD)/2016 പ്രകാരവും 18.1.2017 ലെ Resolution F.No.5 (I)-B (PD)/2016 പ്രകാരവും പുതുക്കി നിശ്ചയിച്ച പി.എഫ് പലിശ നിരക്ക് 8 ശതമാനമാണ്. ഈ നിരക്കിന് 1.10.2016 മുതൽ പ്രാബല്യമുണ്ട്. |
| (ബി) | സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്ക് എത്ര ശതമാനമാണ്; ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നു? | സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ നിലവിലെ പി.എഫ് പലിശ നിരക്ക് 8 ശതമാനമാണ്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 3.10.2016 ലെ Resolution F.No.5 (I)-B (PD)/2016 പ്രകാരവും 18.1.2017 ലെ Resolution F.No.5 (I)-B (PD)/2016 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ള ഈ നിരക്ക് 1.10.2016-ൽ പ്രാബല്യത്തിൽ വന്നു. |
| (സി) | കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണോ സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്ക് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ? | കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പി.എഫ് പലിശ നിരക്കും നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | കേന്ദ്ര ഗവൺമെന്റ് പ്രസ്തുത പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച തീയതി മുതലാണോ സംസ്ഥാനത്തും പലിശ നിരക്ക് പുതുക്കി നൽകിയതെന്ന് വിശദമാക്കുമോ? | കേന്ദ്ര ഗവൺമെന്റ് പി.എഫ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച തീയതി മുതലാണ് സംസ്ഥാനത്തും പി.എഫ് പലിശ നിരക്ക് പുതുക്കി നൽകിയിട്ടുള്ളത്. |

| | | |
|---|---|---|
| (ഇ) | 2016-17 സാമ്പത്തിക വർഷാരംഭം മുതൽ പി.എഫ് പലിശ നിരക്ക് കുറച്ചത് വഴി സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് പലിശ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ; പ്രസ്തുത കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ധന മന്ത്രാലയത്തിൽ നിന്നും പി.എഫ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാന ത്തിലാണ് സംസ്ഥാനത്ത് പി.എഫ് പലിശ നൽകുന്നത്. |

**അക്കൗണ്ട്സ് ഓഫീസർ**